പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ *602

02/04/2018 ൽ മറുപടിക്ക്

## പൊതുമേഖല വ്യവസായങ്ങളുടെ വിപുലീകരണവും പുനരുദ്ധാരണവും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ. എൻ. ഷംസീർ<br>ശ്രീ.എസ്.ശർമ്മ<br>ശ്രീ.സി.കൃഷ്ണൻ<br>ശ്രീ.പി.ടി.എ. റഹീം | ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| എ) നവീകരണ-വിപുലീകരണ പ്രവർത്തനങ്ങളിലൂടെ കെ.എസ്.ഡി.പി. ഉൾപ്പെടെയുള്ള തകർച്ചയിലായിരുന്ന 14 പൊതുമേഖലാ വ്യവസായങ്ങളെ ലാഭത്തിലാക്കുകയും ആറ് സ്ഥാപനങ്ങളെ കൂടി 2017-18 ൽത്തന്നെ ലാഭത്തിലാക്കുമെന്ന പ്രഖ്യാപിത ലക്ഷ്യത്തോടെയും നടത്തി വന്ന പൊതുമേഖലാ വ്യവസായ വികസന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി സ്ഥാപനങ്ങളിൽ കാലാനുസൃതമായ സാങ്കേതികവിദ്യ നടപ്പിലാക്കി വിപണനത്തിന നുയോജ്യമായ ഉല്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണ പദ്ധതികൾ നടപ്പിലാക്കി വിപണിയിൽ നിന്നുള്ള കടുത്ത മത്സരത്തേയും, വർദ്ധിച്ച ഉൽപ്പാദനച്ചെലവുകളെയും അതിജീവിക്കത്തക്ക വിധത്തിൽ സ്ഥാപനങ്ങളെ കൂടുതൽ മത്സരക്ഷമതയുള്ളവയാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്.<br>കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം, സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം, ധനപരമായ പുനരുദ്ധാരണം, പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം മോണിട്ടറിംഗ് ചെയ്യുന്നതിനുള്ള സംവിധാനങ്ങളുടെ ശക്തിപ്പെടുത്തൽ, എന്നീ നടപടികളിലൂടെ സ്ഥാപനങ്ങളെ അഭിവൃദ്ധിപ്പെടു |

ത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതിനായി അതാത് മേഖലകളിലുള്ള വിദഗ്ദ്ധരുൾപ്പെട്ട കമ്മിറ്റികളുടെ സേവനവും ലഭ്യമാക്കിവരുന്നു.

കൃത്യതയോടെയുള്ള പ്രവർത്തന അവലോകനത്തിന്റെ ഫലമായി വിറ്റുവരവ് വർദ്ധിപ്പിക്കുന്നതിനും അതുവഴി ലാഭം വർദ്ധിപ്പിച്ച് നഷ്ടം കുറച്ചുകൊണ്ടുവരുന്നതിനും സാധിച്ചു. സ്ഥാപനങ്ങളുടെ വിവിധ നവീകരണ വിപുലീകരണ പ്രവർത്തനങ്ങൾക്കും അത്യാവശ്യമുള്ള പ്രവർത്തന മൂലധന സഹായത്തിനും കൂടുതൽ ബഡ്ജറ്റ് വിഹിതം അനുവദിക്കുകവഴി പദ്ധതിപ്രവർത്തനങ്ങൾ കാലതാമസം കൂടാതെ നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആൻറ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിന്റെ പുനസംഘടനയുടെ ഭാഗമായി സ്ഥാപനത്തെ മത്സരക്ഷമതയുള്ളതാക്കുന്നതിനായി ധനകാര്യ സ്ഥിതി മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 2017-18 ലെ ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഡി.പി. 31.03.2016 വരെ സർക്കാരിൽ നിന്നും എടുത്തിട്ടുള്ള വായ്പയും പലിശയും ഓഹരി മൂലധനമാക്കിക്കൊണ്ടും സഞ്ചിത വായ്പ എഴുതിത്തള്ളികൊണ്ടും GO(Ms) 22/2018/ID dated 26.3.2018 പ്രകാരം ഉത്തരവായിട്ടുണ്ട്. 2017-18-ൽ ബഡ്ജറ്റിൽ വകയിരുത്തിയ 28.15 കോടി രൂപയുടെ നോൺ-ബീറ്റാലാക്ടം പദ്ധതിക്ക് ഭരണാനുമതി നൽകുകയും തുക കമ്പനിയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്. 2011ൽ ഉൽപ്പാദനം ആരംഭിച്ച Betalactum

പ്ലാൻറിന് WHO GMP അംഗീകാരം ലഭിക്കുകയും രാജ്യാന്തര വിപണനത്തിന് തയ്യാറാകുകയും ചെയ്തിട്ടുണ്ട്.

ഇതിനോടകം പൊതുമേഖലാവ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനഫലത്തിൽ കൈവരിച്ച പുരോഗതിയുടെ വിവരം ചുവടെ ചേർക്കുന്നു.

- 2016-17 സാമ്പത്തിക വർഷാവസാനം 13 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിച്ചു.
- 2015-16 സാമ്പത്തിക വർഷം നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന TTP, TCC, TELK, TRACO, SIFL എന്നീ സ്ഥാപനങ്ങൾ 2016-17ൽ ലാഭകരമാക്കുവാൻ സാധിച്ചു.
- 2015-16 സാമ്പത്തിക വർഷത്തെ മൊത്തം നഷ്ടമായ 131.87 കോടിരൂപയിൽ നിന്നും 2016-17-ൽ മൊത്തം നഷ്ടം 80.67 കോടിരൂപയായി കുറയ്ക്കുവാൻ സാധിച്ചു.
- 2017-18 സാമ്പത്തിക വർഷം ഫെബ്രുവരി വരെയുള്ള കാലയളവിലെ ആഡിറ്റു ചെയ്യാത്ത താത്ക്കാലിക കണക്കുകൾ പ്രകാരം സ്ഥാപനങ്ങളുടെ മൊത്തം വിറ്റുവരവ് 2464.08 കോടിരൂപയും ലാഭം 47.53 കോടിരുപയു മാണ്.

സ്ഥാപനങ്ങളുടെ ഇതുവരെയുള്ള പ്രവർത്തനം കണക്കിലെടുത്താൽ ഈ സാമ്പത്തിക വർഷം കുറഞ്ഞത് 14 സ്ഥാപനങ്ങൾ ലാഭത്തിലാകുമെന്ന് കരുതുന്നു.

| | | | |
|---|---|---|---|
| ബി) | സിമന്റ് വ്യവസായികൾ ലോബിയായി പ്രവർത്തിച്ച് മറ്റ് സംസ്ഥാനങ്ങളിൽ വില്ക്കുന്നതിൽ നിന്ന് വളരെ ഉയർന്ന വില സംസ്ഥാനത്തെ വ്യാപാരികളിൽ നിന്ന് ഈടാക്കി ജനങ്ങളെ ചൂഷണം ചെയ്യുന്നത് അവസാനിപ്പിക്കാൻ പ്രാപ്തമാകും വിധം മലബാർ സിമന്റ്സിനെ വിപുലീകരിക്കാൻ സാധ്യമാകുമോ; | ബി) | മലബാർ സിമന്റ്സിൽ പുതിയ വികസന പദ്ധതികൾ നടപ്പിലാക്കിയും നിലവിലെ ഉല്പാദനശാലയിലെ ആധുനികവൽക്കരണ നവീകരണ പദ്ധതികൾ നടപ്പിലാക്കിയും ഉല്പാദനശേഷി വർദ്ധിപ്പിക്കുകയും ഉല്പാദനചെലവ് കുറയ്ക്കുകയും ചെയ്യുന്നതിലൂടെ വിപണിയിലെ സാന്നിദ്ധ്യം വർദ്ധിപ്പിക്കാവുന്നതാണ്. |
| സി) | പുനരുദ്ധാരണം അസാധ്യമെന്ന് കരുതിയ ടെക്സ്റ്റൈൽ വ്യവസായം, ഓട്ടോകാസ്റ്റ് തുടങ്ങിയ പൊതുമേഖലാ വ്യവസായങ്ങളുടെ വിപുലീകരണത്തിനും പുനരുദ്ധാരണത്തിനും നടത്തി വരുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ? | സി) | കേരളത്തിലെ പൊതുമേഖല സഹകരണ മേഖല ടെക്സ്റ്റയിൽ മില്ലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള കേന്ദ്രീകൃത സംവിധാനമായ സെൻട്രലൈസ്ഡ് കോട്ടൺ പർച്ചേസ് കമ്മിറ്റി പുനഃസംഘടിപ്പിക്കുകയും പ്രവർത്തനം നിലച്ചുകിടന്നിരുന്ന സ്ഥാപനങ്ങളുടെ സമഗ്രമായ നവീകരണ പരിപാടികൾ 15 കോടി രൂപയുടെ അധിക ധനസഹായം 2016-17ൽ നൽകുകവഴി അവയുടെ തുടർ പ്രവർത്തനം സാധ്യമാകുകയും ചെയ്തു.<br>ടെക്സ്റ്റൈൽ മേഖലയിലുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വിളവെടുപ്പ് കാലത്ത് വിലകുറഞ്ഞ ഗുണമേന്മയുള്ള പഞ്ഞി വാങ്ങി സംഭരിക്കുന്നതിനായി പ്രത്യേക പ്രവർത്തന മൂലധനസഹായം ലഭ്യമാക്കുന്നതിനുള്ള ഇടപെടൽ സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നു. ആയതിനാൽ ഉൽപ്പന്നങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുകയും അതുമുഖേന മികച്ച വിറ്റുവരവ് കൈവരിക്കുന്നതിനും സ്ഥാപനങ്ങൾക്ക് സാധിക്കും. കൂടാതെ മറ്റ് സെക്ടറുകളിലുള്ള സ്ഥാപനങ്ങൾക്ക് |

കൂടുതൽ ഓർഡറുകൾ ലഭ്യമാക്കുന്നതിനും വിപണന വിപുലീകരണത്തിനുമായി സ്ഥാപനങ്ങൾ തമ്മിലുള്ള സഹകരണം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും സർക്കാർ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പൊതുമേഖലാ സഹകരണ സ്പിന്നിങ് മില്ലുകളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ സ്കൂൾ യൂണിഫോമിനാവശ്യമായ നൂൽ ഈ സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്നതിനുള്ള പദ്ധതിയും ആരംഭിച്ചുകഴിഞ്ഞു. സാമ്പത്തിക മാന്ദ്യം നേരിടുന്ന ഈ മേഖലയിൽ പ്രവർത്തിച്ചുവരുന്ന പൊതുമേഖലയിലും സഹകരണ മേഖലയുമുൾപ്പെടെയുള്ള സ്ഥാപനങ്ങൾക്ക് 2017-18ൽ 30 കോടി രൂപയുടെ പ്രവർത്തന മൂലധന സഹായം ഇതിനോടകം നൽകിയിട്ടുണ്ട്. കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈയിൽ കോർപ്പറേഷൻ ലിമിറ്റഡിന്റെ അധീനതയിൽ 2011ൽ സ്ഥാപിതമായ 3 ടെക്സ്റ്റൈൽ മില്ലുകളുടെ പ്രവർത്തനം വാണിജ്യാടിസ്ഥാനത്തിൽ ആരംഭിക്കുന്നതിനായി 31 കോടി രൂപ 2017-18-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പൊതുമേഖലാ ടെക്സ്റ്റയിൽ മില്ലുകൾക്ക് അറ്റകുറ്റ പണികൾക്കായി 11.60 കോടി രൂപ പ്രത്യേകം വകയിരുത്തിയിട്ടുമുണ്ട്. ഗുണമേന്മ കൂടിയ പരുത്തി വിലക്കുറവിൽ ലഭ്യമാകുന്ന വിളവെടുപ്പ് സീസണിൽ വാങ്ങി ശേഖരിക്കുന്നതിന് കൈത്തറി വികസന ഡയറക്ട്രേറ്റിൽ നിന്നും മറ്റ് പോതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും 21 കോടിരൂപ താത്കാലിക വയ്പ അനുവദിച്ചു.

ടെക്സ്റ്റൈൽ മേഖലയിലെ സ്ഥാപനങ്ങൾക്കുള്ള സമഗ്രമായ പുനരുദ്ധാരണ പദ്ധതി തയ്യാറാക്കുന്നതിനായി രൂപീകരിച്ച ശ്രീ.പി.നന്ദകുമാർ

ചെയർമാനായ വിദഗ്ദ്ധ കമ്മറ്റിയുടെ റിപ്പോർട്ട് 2017 മേയ് മാസം സർക്കാരിനു സമർപ്പിക്കുകയും അതിന് തത്വത്തിൽ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. നന്ദകുമാർ കമ്മിറ്റിയുടെ റിപ്പോർട്ടിൻെറ ശുപാർശകൾ ഘട്ടം ഘട്ടമായി നടപ്പക്കുന്നതിൻെറ ആദ്യപടിയായി 2018-19 വർഷത്തെ ബഡ്ജറ്റിൽ കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷനു കീഴിലുള്ള മില്ലുകളുടെ നവീകരണത്തിനായി 45 കോടി രൂപ പ്രത്യേകം വകയിരുത്തിയിട്ടുണ്ട്. കൂടാതെ സ്പിന്നിംഗ് മില്ലുകൾക്ക് കേന്ദ്രീകൃത രീതിയിൽ പഞ്ഞി വാങ്ങുന്നതിനുള്ള കോർപ്പസ് ഫണ്ടായി 20 കോടിരൂപയും പ്രത്യേകം വകയിരുത്തിയിട്ടുണ്ട്. ആട്ടോകാസ്റ്റിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സാന്റ് റിക്ലമേൽൻ പ്ലാന്റിന്റെ പ്രവർത്തനം തടസ്സങ്ങൾ നീക്കി പൂർത്തീകരിക്കുവാൻ സാധിച്ചു. ഇതോടുകൂടി സ്റ്റീൽ കാസ്റ്റിംഗ് ലൈനിന്റെ പ്രവർത്തനം പൂർണ്ണശേഷിയിൽ എത്തിക്കുവാൻ സാധിക്കുകയും അതി മൂലം വിപണിയിൽ കൂടുതൽ ആവശ്യകതയും വിലയുമുള്ള സ്റ്റീൽ കാസ്റ്റിംഗുകൾ ഉൾപ്പെടുത്തി കൂടുതൽ ഓർഡറുകൾ ലഭ്യമാക്കുന്നതിനും കഴിഞ്ഞു.

ഹീറ്റ് ട്രീറ്റ്മെൻറ് ഫർണസിൻെറ ഭാഗങ്ങൾ സ്ഥാപിക്കുന്നതിലുണ്ടായിരുന്ന തടസ്സങ്ങൾ നീക്കി പൂർത്തീകരണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

കമ്പനിയുടെ സ്റ്റീൽ കാസ്റ്റിംഗ് നിർമ്മാണശേഷി പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നതിനും കൂടുതൽ ഫലപ്രദമാക്കുന്നതിനും വേണ്ടി ഇന്ത്യയിലെ ഏറ്റവും വലിയ സ്റ്റീൽ കാസ്റ്റിംഗ് ഉപഭോക്താക്കളായ റെയിൽവെയ്ക്ക് കാസ്റ്റ് സ്റ്റീൽ ബോഗികൾ നിർമ്മിച്ച്

വിതരണം ചെയ്യുവാൻ പര്യാപ്തമായ വിധത്തിൽ ഓട്ടോകാസ്റ്റിനെ ശക്തീകരിക്കുവാനും അതിനാവശ്യമായ സഹായങ്ങൾ അനുവദിക്കുവാനും നടപടികൾ സ്വീകരിച്ച് വരുന്നു. ഇതിനാവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിലേക്കായി 2016–17ൽ 3 കോടി രൂപയും, 2017–18ൽ 10 കോടിരൂപയും കമ്പനിയ്ക്ക് സർക്കാർ നൽകിയിട്ടുണ്ട്.

2018-19 സാമ്പത്തിക വർഷം ഇൻഡ്യൻ റെയിൽ വെയ്ക്ക് എൽ.എച്ച്.ബി കോച്ചുകൾക്കുള്ള ഫാബ്രിക്കേഷൻ സൗകര്യങ്ങൾക്കായി ചെറുതും ഇടത്തരവുമായ വലുപ്പത്തിലുള്ള കാസ്റ്റിംഗിന്റെ വികസനത്തിനുള്ള പദ്ധതിയ്ക്കായി ഓട്ടോകാസ്റ്റിന് 10 കോടിരൂപ അനുവദിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ